# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 13/2022

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരേ, നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ചുള്ള നോമ്പ് ഡിസംബർ 1-ാം തീയതി മുതൽ ആരംഭിക്കുകയാണല്ലോ? നമ്മുടെ എല്ലാ വിശ്വാസികളും ഭക്തിപുരസ്സരം നോമ്പ് നോല്ക്കുവാൻ ഇടയാകണം. മനുഷ്യനെ ദൈവത്തെപ്പോലെയാക്കുവാൻ ദൈവം മനുഷ്യനായി പിറന്നതിന്റെ സ്മരണ നിർവ്വഹിക്കുമ്പോൾ ദൈവീകരാകുവാനുള്ള ആഗ്രഹവും പ്രാർത്ഥനയും നമുക്കുണ്ടാകണം. സഭയുടെ നോമ്പ് അനുഷ്ഠാനങ്ങൾ നമ്മെ ആ വഴിയിലൂടെ യാത്ര ചെയ്യുവാൻ സഹായിക്കുന്നവയാണ്. നമ്മുടെ യുവതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നുവെന്ന വാർത്തകൾ നമ്മെ ആകുലപ്പെടുത്തുന്നു. ഈ ആപത്ത് നമ്മുടെ സമൂഹത്തിൽ നിന്നും ഒഴിഞ്ഞുപോകുവാൻ പ്രാർത്ഥിക്കുന്നതോടൊപ്പം ലഹരിക്കെതിരെ സഭ നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങൾക്ക് ഇടയാകണം.

പ്രിയരേ, MGOCSM & OCYM-ന്റെ നേതൃത്വത്തിൽ നടത്തുന്ന 'സാമാർ-2022' കരോൾ കോമ്പറ്റീഷൻ 2022 ഡിസംബർ മാസം 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ നമ്മുടെ ബാംഗ്ലൂർ ഈസ്റ്റ് സെന്റ് തോമസ് മഹാ ഇടവകയിൽ വച്ച് നടത്തുകയാണ്. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ടീമുകൾ ഇതിൽ പങ്കെടുക്കുവാനായി ശ്രദ്ധിക്കുമല്ലോ?

വീണ്ടും പ്രിയരെ, നമ്മുടെ ഭദ്രാസനദിനം 2023 ജനുവരിമാസം 1-ാം തീയതി ഞായറാഴ്ച ആചരിക്കുകയാണ്. അന്നേദിവസം വിശുദ്ധ കുർബ്ബാനമദ്ധ്യേ ഭദ്രാസനത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തേണ്ടതാണ്. ഭദ്രാസന ദിനത്തോടനുബന്ധിച്ച് നടത്തുന്ന കവർപിരിവ് വിജയകരമായി തീരുവാൻ നിങ്ങളേവരും ആത്മാർത്ഥമായി ശ്രമിക്കണം. ഇടവകയിലെ വികാരിയും കമ്മിറ്റി അംഗങ്ങളും കവറുകൾ എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നതിനും ക്രമീകരണം ചെയ്യണം. നമ്മുടെ ഭദ്രാസനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ പിന്തുണ ആവശ്യമാണ്. ഒരു കുടുംബം ഏറ്റവും കുറഞ്ഞത് 250 രൂപ സംഭാവനയായി നൽകണമെന്ന ഭദ്രാസന പൊതുയോഗതീരുമാനം വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതിൻപ്രകാരം ആ ഇടവകയുടെ ടാർജറ്റ് തുക .......................... രൂപ ആയിരിക്കുന്നതാണ്. ഭദ്രാസനത്തിലെ മിഷൻ പ്രവർത്തനങ്ങൾ, ഭവനദാനപദ്ധതി, വിവാഹസഹായം തുടങ്ങിയവ ഭംഗിയായി നടക്കുവാൻ നിങ്ങളുടെ സഹായം ഉണ്ടെങ്കിലേ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങൾ പരിഗണിച്ച് നിങ്ങളുടെ സംഭാവനതുക കവറിൽ നിക്ഷേപിച്ച് ഇടവകയിൽ ഏല്പിക്കേണ്ടതാണ്. ഇടവകയിൽ നിന്നും തുക സ്വീകരിക്കുന്ന തീയതി പിന്നീട് നാം അറിയിക്കുന്നതാണ്.

വീണ്ടും പ്രിയരെ, നമ്മുടെ ഭദ്രാസനം എല്ലാ വർഷവും ഒരു ഗണ്യമായ തുക സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അർഹരായവർക്ക് നൽകാറുണ്ട്. ബാംഗ്ലൂരിൽ ഓർത്തഡോക്സ്

Contd... -2-

ആരാധന ആരംഭിച്ചതിന്റെ 75-ാം വാർഷികവും ബാംഗ്ലൂർ ഭദ്രാസനത്തിന്റെ പത്താം വാർഷികവും സംയുക്തമായി ആഘോഷിച്ചതിന്റെ ഭാഗമായി നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളുടെ മിച്ചമുള്ള തുക നമ്മുടെ ഭദ്രാസനത്തിൽ വിവാഹസഹായനിധിയായി നൽകുവാൻ ഭദ്രാസന അസംബ്ലി തീരുമാനിച്ചിട്ടുള്ളതാകുന്നു. വിവാഹനിശ്ചയം നടത്തിയതിനുശേഷം, പെൺകുട്ടികളുടെ മാതാപിതാക്കൾ ഇടവകവികാരിയുടെ ശുപാർശകത്തോടുകൂടി ഭദ്രാസന ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പതിനഞ്ച് യുവതികൾക്ക് ഒരു ലക്ഷം രൂപ വീതം നൽകുവാനായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്.

കർത്താവിൽ അനുഗ്രഹീതരെ, പലതരം പ്രതിസന്ധികളുടെ നടുവിലും കടന്നുപോകുന്ന 2022-ൽ ദൈവം നമ്മെ അത്ഭുതകരമായി വഴിനടത്തി. ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം നമ്മിൽ വന്നുപോയ പാപങ്ങളെ അനുതാപത്തോടെ ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിക്കാം. പുതിയ വർഷത്തെ പ്രത്യാശയോടെ എതിരേല്ക്കാം. കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ എന്ന പ്രാർത്ഥനയോടെ പുതുവർഷത്തിലേക്ക് പ്രവേശിക്കാം.

നിങ്ങൾക്കേവർക്കും സമാധാനം നിറഞ്ഞ ക്രിസ്തുമസിന്റെയും സന്തോഷം പകരുന്ന നവവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും മുന്നമെ അർപ്പിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

**2022 നവംബർ മാസം 17-ാം തീയതി**
**ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും**